ഉത്തരം

(എ) ഉണ്ട്.

(ബി) 1990-ൽ.

(സി) അടിയന്തിരമായി ചെയ്യേണ്ട അറ്റകുറ്റപ്പണികളുടെ എസ്റ്റിമേറ്റ് 10-8-2001-ൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്ന് കോഴിക്കോട് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. പ്രവൃത്തി ഏറ്റെടുത്ത് നടത്തുവാൻ എഗ്രിമെന്റ് വെയ്ക്കുവാൻ ഹെഡ്മാസ്റ്റർക്ക് നോട്ടീസ് നൽകിയെങ്കിലും എഗ്രിമെന്റ് വെയ്ക്കുകയോ മറുപടി നൽകുകയോ ചെയ്തിട്ടില്ല എന്നും, പി.ടി.എം. തയ്യാറല്ല എന്ന് അറിയിച്ചെങ്കിൽ മാത്രമേ പ്രവൃത്തി ടെണ്ടർ ചെയ്യാൻ സാധിക്കുകയുള്ളൂ എന്നും കോഴിക്കോട് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

(ഡി) 2003-04 പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി ചെയ്യുന്നതിന് 2,00,000 രൂപയുടെ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി 5-9-2003-ന് ഡി.പി.സി. അംഗീകാരം ലഭിച്ചത് പ്രകാരം പ്രവൃത്തി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കൊടുവള്ളി വിദ്യാഭ്യാസ ഉപജില്ല രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

60 (2917) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ആസ്ഥാനമായി ഒരു വിദ്യാഭ്യാസ ഉപജില്ല രൂപീകരിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ആവശ്യം ഗൗരവമായി പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പരിശോധിച്ചു വരുന്നു.

മലപ്പുറം ജില്ലയിലെ കേരള സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററുകൾ

61 (2919) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ കേരള സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററുകൾ എത്ര എണ്ണം പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly